"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാശിശുവികസന വകുപ്പ്- കേരള വനിതാ കമ്മീഷൻ- ജീവനക്കാര്യം- ശ്രീമതി. ചന്ദ്രശോഭ കെ, ലോ ഓഫീസറുടെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനിതാശിശുവികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.**337/2025/WCDD** തീയതി,തിരുവനന്തപുരം, **19-07-2025**

പരാമർശം:- 1. സ. ഉ(സാധാ)നം. **3021/2024**/ജി എ ഡി, തീയതി. **05/07/2024**

2. കേരള വനിതാ കമ്മീഷൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ കത്ത് നം. **A3/1350/2024/KWC**, തീയതി. **06/05/2025**

**ഉത്തരവ്**

നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയായിരുന്ന ശ്രീമതി. ചന്ദ്രശോഭ കെ **(PEN: 134465)**-യ്ക്ക് പരാമർശം (1) പ്രകാരം ജോയിന്റ് സെക്രട്ടറി തസ്തികയിലേക്ക് സ്ഥാനക്കയറ്റവും കേരള വനിതാ കമ്മീഷനിലെ ലോ ഓഫീസറായി അന്യത്രസേവന വ്യവസ്ഥയിൽ നിയമനവും നൽകുകയുണ്ടായി. ശ്രീമതി. ചന്ദ്രശോഭയുടെ അന്യത്രസേവന കാലാവധി **05/07/2025**-ന് അവസാനിക്കുമെന്നും കമ്മീഷനിലെ പ്രസ്തുത ഉദ്യോഗസ്ഥയുടെ സേവനം തൃപ്തികരമായതിനാൽ പ്രസ്തുത കാലാവധി ഒരു വർഷം കൂടി ദീർഘിപ്പിക്കുന്നതിന് **25/04/2025**-ന് ചേർന്ന കമ്മീഷൻ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ടെന്നുമുള്ള സാഹചര്യത്തിൽ, കമ്മീഷനിലെ ലോ ഓഫീസർ തസ്തികയിലുള്ള ശ്രീമതി. ചന്ദ്രശോഭയുടെ, അന്യത്രസേവന കാലാവധി **06/07/2025** മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകുന്നതിനായി പരാമർശം (2) പ്രകാരം കമ്മീഷൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിയമവകുപ്പിലെ ജോയിന്റ് സെക്രട്ടറിയായ ശ്രീമതി. ചന്ദ്രശോഭ കെ-യുടെ കമ്മീഷനിലെ അന്യത്രസേവന കാലാവധി കേരള വനിതാ കമ്മീഷൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ ശിപാർശ പരിഗണിച്ച് അന്യത്രസേവന വ്യവസ്ഥയുടെ പതിവ് നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി **06/07/2025** മുതൽ പ്രസ്തുത ഉദ്യോഗസ്ഥ സർവീസിൽ നിന്നും വിരമിക്കുന്ന **31/05/2026** വരെ ദീർഘിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MANOJ M S**
അണ്ടർ സെക്രട്ടറി

മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതി. ചന്ദ്രശോഭ കെ, ലോ ഓഫീസർ (on deputation), കേരള വനിതാ കമ്മീഷൻ (മെമ്പർ സെക്രട്ടറി മുഖേന)
നിയമ വകുപ്പ് (NOC No. AD-I(1)/149/2025/LAW dated 24/05/2025 പ്രകാരം)
പൊതുഭരണ (സ്പെഷ്യൽ- ഇ) വകുപ്പ്
വെബ്&ന്യൂ മീഡിയ/ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 19-07-2025 14:14:19